**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.589**

**08.08.2017 ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമത്തിനായി നടപടികൾ

**ചോദ്യം**

**ശ്രീ. പി. ഉണ്ണി**

**മറുപടി**

**ശ്രീ.എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | യുവജനക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ ; | (എ) | കായിക യുവജനകാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യൂത്ത് വെൽഫയർ ബോർഡ്, യുവജനകമ്മീഷൻ എന്നിവ മുഖേന യുവജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിച്ച് അവരുടെ കഴിവും കാര്യപ്രാപ്തിയും വിവിധമേഖലകളിലേക്ക് തിരിച്ചു വിടുന്ന പ്രവർത്തനങ്ങളാണ് കൈക്കൊണ്ടു വരുന്നത്. നഗരവാസികളായ യുവജനങ്ങൾക്കൊപ്പം ഗ്രാമീണ മേഖലയിലെ യുവാക്കൾക്കും വിദ്യാർത്ഥികളല്ലാത്ത യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്താകമാനം കേരളോത്സവം സംഘടിപ്പിച്ചു വരുന്നു.<br><br>ദേശീയ യുവജനദിനാഘോഷത്തോടനുബന്ധിച്ച് 14 ജില്ലകളിലും യുവജനക്ഷേമബോർഡ് മുഖേന ദേശീയ യുവജനദിനാചരണം സംഘടിപ്പിക്കുകയുണ്ടായി.<br><br>ഭാരത് ഭവന്റേയും വൈലോപ്പിള്ളി സംസ്കൃതി ഭവന്റേയും സംയുക്താഭിമുഖ്യത്തിൽ നാഷണൽ ഫോക്ക്ഫെസ്റ്റ് ഓഫ് കേരള (NFFK) ' ദേശീയ നാടോടി കലാസംഗമം എന്നിവ നടത്തുകയുണ്ടായി.<br><br>സാഹിത്യം, കായികം, കല, കാർഷികം, സാമൂഹിക പ്രവർത്തനം, മാധ്യമം എന്നീ മേഖലകളിലെ മികച്ച പ്രവർത്തനത്തിന് വ്യക്തിഗത അവാർഡും യൂത്ത് ക്ലബ്ബുകൾക്കുള്ള മികച്ച |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തിനുള്ള ജില്ലാതല അവാർഡും സംസ്ഥാനത്തെ മികച്ച യൂത്ത് ക്ലബ്ബുകൾക്കുള്ള പുരസ്കാരവും വിതരണം ചെയ്യുകയുണ്ടായി.<br><br>യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥ നേരിടുന്ന ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് സംസ്ഥാനത്താകമാനം യുവക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെയും സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകളുടെയും വിവിധങ്ങളായ പ്രവർത്തനങ്ങൾ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും യുവാക്കൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടിയും 'യുവത ' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചു വരുന്നു.<br><br>2017 ജൂൺ 5 മുതൽ 10 വരെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് സംസ്ഥാന വ്യാപകമായി വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. 2017 ജൂൺ 5 മുതൽ 10 വരെ മികച്ച രീതിയിൽ പരിസ്ഥിതി പ്രവർത്തനം നടത്തിയ 100 ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നൽകി. വൃക്ഷത്തൈനടൽ, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മഴക്കുഴി നിർമ്മാണം, പരിസ്ഥിതി ബോധവൽക്കരണ സെമിനാറുകൾ ആശുപത്രികളുടെയും സ്കൂളുകളുടെയും ശുചീകരണം, പരിസ്ഥിതി സംരക്ഷണം മുൻനിർത്തിയുള്ള മറ്റ് വിവിധ പരിപാടികൾ എന്നിവ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേനയും, ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ ക്ലബ്ബുകൾ മുഖേനയും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരായി കോളേജുകളിലും പട്ടിക ജാതി പട്ടിക-വർഗ്ഗ കോളനികളിലും ബോധവത്ക്കരണ ക്ലാസ്സുകൾ സന്നദ്ധ പ്രവർത്തകർ മുഖേന ടി മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്. യുവജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി യുവജന കമ്മീഷൻ ജോബ് പോർട്ടൽ എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട് യുവജനങ്ങളുടെ അവകാശ സംരക്ഷണാർത്ഥം കമ്മീഷന് ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | പരാതികൾ യഥാസമയം പരിഹരിക്കുന്നതിനായി ഹിയറിംഗുകളും അദാലത്തുകളും നടത്തി വരുന്നു. |
| (ബി) | യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന ജില്ലാതലത്തിൽ ദേശീയയുവജന-ദിനാചരണം, വനിത ശില്പശാല, യുവത പ്രചരണ പരിപാടിയും ശില്പശാലയും, യുവത മാഗസിൻ ജില്ലാതല വിതരണവും എസ്.എസ്.എൽ.സി. പ്ലസ്ടു പരീക്ഷയിൽ എ പ്ലസ് നേടിയ വിദ്യാർഥികളെ അനുമോദിക്കുന്ന പരിപാടിയും, പാലക്കാട് ജില്ലയിൽ നിന്നുള്ള 87 ഓളം യുവജനങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് സംസ്ഥാന തലത്തിൽ മേഖല മാധ്യമ ക്യാമ്പ്, വനിത ശില്പശാല, യുവസാഹിത്യ ക്യാമ്പ്, യൂത്ത് കോ ഓർഡിനേറ്റർമാരുടെ സംസ്ഥാനതല മീറ്റിംഗ് എന്നിവയും നടത്തി. |

സെക്ഷൻ ഓഫീസർ